# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1536

11.2.2013-ൽ മറുപടിക്ക്

## പായ്ക്കറ്റ് പാലുകളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളോടനുബന്ധിച്ച് അന്യ സംസ്ഥാനത്ത് നിന്നു വരുന്ന പാൽ പരിശോധിക്കാനായി സ്ഥിരം സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) നിലവിൽ ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്തുനിന്നു വരുന്ന പാൽ പരിശോധനയ്ക്കായി സ്ഥിരം സംവിധാനം ഇല്ല. എന്നാൽ പരാതികൾ ലഭിക്കുമ്പോഴും ഓണം ക്രിസ്തുമസ് തുടങ്ങിയ അവസരങ്ങളിലും ചെക്ക്പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്കായി ഫുഡ്സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിൽ താത്ക്കാലിക സംവിധാനം ഏർപ്പെടുത്തിവരുന്നു. ഓണക്കാലത്ത് ക്ഷീരവികസന വകുപ്പും ചെക്ക് പോസ്റ്റുകളിൽ താത്ക്കാലിക ലാബുകൾ സ്ഥാപിച്ച് പാൽ പരിശോധന നടത്തി വരുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നത് ഫുഡ് സേഫ്റ്റി കമ്മീഷണറാണ്. |
| (ബി) ഇല്ലെങ്കിൽ നിലവിൽ പാൽ പരിശോധന നടത്തുന്നത് ഏതെല്ലാം സംവിധാനങ്ങളിലൂടെയാണ്; | (ബി) അന്യ സംസ്ഥാന ങ്ങളിൽ നിന്നെത്തുന്ന പാലിന്റെ സാമ്പിളുകൾ ഉൾപ്പെടെ മാർക്കറ്റിൽ ലഭ്യമാകുന്ന പാൽ സാമ്പിളുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അനലിറ്റിക്കൽ ലാബിൽ പരിശോധിക്കാറുണ്ട്. പാലിന്റെ ഉപഭോഗം കൂടുന്ന ഓണം പോലുള്ള ഉത്സവ കാലത്ത് ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകളുടെ നേതൃത്വത്തിൽ അന്യസംസ്ഥാനത്തു നിന്നു വരുന്ന പാൽ പരിശോധനയ്ക്കായി എടുക്കാറുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ വിപണിയിൽ വിൽപ്പന നടത്തുന്ന വിവിധയിനം ബ്രാൻഡ് പാലുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. കൂടാതെ ക്ഷീര സംഘത്തിൽ അളക്കുന്നപാലിന്റെ ഗുണനിലവാരം പരിശോധിച്ച് ക്വാളിറ്റി ഉറപ്പു വരുത്തുന്നുമുണ്ട്. |

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പായ്ക്കറ്റ് പാലുകളുടെ ഗുണനിലവാര പരിശോധനയിൽ തൃപ്തികരമല്ലാത്തവയായി കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് കണ്ടെത്തിയ ബ്രാൻഡുകൾ ഏതെല്ലാമാണ് ; അവ ഉൽപ്പാദിപ്പിച്ചിരുന്നത് എവിടെയാണ്;

(സി) നിശ്ചിത ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ ഹെരിറ്റേജ് പദ്മനാഭ, മെയ്യ, ജേഷ്ഠ, കെ.സി.എ, ലയ എന്നീ പാൽ ബ്രാൻഡുകൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ഇവയിൽ ഹെരിറ്റേജ് പദ്മനാഭ, മെയ്യ, ജേഷ്ഠ, എന്നിവ തമിഴ്നാട്ടിലും കെ.സി.എ, ലയ എന്നിവ കേരളത്തിലാണ് പായ്ക്ക് ചെയ്ത് വിതരണം നടത്തുന്നത്.

(ഡി) ഗുണനിലവാരം പുലർത്തുന്ന പായ്ക്കറ്റ് പാൽ ബ്രാൻഡുകളുടെ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുമോ?

(ഡി) ഗുണ നിലവാരം പുലർത്തുന്ന ബ്രാൻഡുകളുടെ ലിസ്റ്റ് നിലവിലില്ല.

സെക്ഷൻ ഓഫീസർ